പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.164 5.12.2018 ൽ മറുപടിയ്ക്ക്

## 'സ്വാശ്രയ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>,, മുരളി പെരുനെല്ലി<br>,, സജി ചെറിയാൻ<br>,, ആന്റണി ജോൺ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ അമ്മമാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 'സ്വാശ്രയ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്താൻ എത്ര രൂപയാണ് ധനസഹായം നൽകുന്നത്; വെളിപ്പെടുത്തുമോ; | (ബി) 'സ്വാശ്രയ' പദ്ധതി പ്രകാരം സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റത്തവണ ധനസഹായമായി 35,000/- രൂപയാണ് നൽകുന്നത്. |
| (സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (സി) ഈ പദ്ധതി 2017-18 ൽ ആരംഭിച്ചിട്ടുള്ളതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 101 പേർക്കായി 35.35 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും സ്വാശ്രയ സമിതി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്വാശ്രയ കമ്മിറ്റി രൂപീകരിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഇ) പ്രസ്തുത പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 49,00,000/- രൂപ (നാൽപത്തി ഒൻപത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി നൽകുകയും 101 പേർക്കായി 35.35 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ |

| | |
|---|---|
| | 73,50,000/- രൂപ(എഴുപത്തി മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യുടെ ഭരണാനുമതി നൽകുകയും ആയതിൽ നിന്നും 49,00,000/- രൂപ (നാൽപത്തി ഒൻപത് ലക്ഷം രൂപ മാത്രം), 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് (3,50,000/- രൂപ വീതം) ഒന്നാംഘട്ടമായി അനുവദിച്ച് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ